HON'BLE MR. A. THANU PILLAI : വേണ്ടിടത്തോളം ഉപകരണങ്ങൾ കിട്ടിയാൽ വേണ്ട ഏർപ്പാട് ചെയ്യുന്നതാണ്.

പൊതുമന്ദിരങ്ങൾ.

74. MR. T. T. KESAVAN SASTRI (*Kunnathnad : I—Pulaya Reserved*) താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) കുന്നത്തുനാട് താലൂക്കിൽചേന്ന, കോതകുളങ്ങര, മാണിക്കമംഗലം, മഞ്ഞപ്ര എന്നീ പകുതികളിലെ പുലയരുടെ ഉപയോഗത്തിനായി പൊതുമന്ദിരങ്ങൾ, ശ്മശാനങ്ങൾ, പയൽസ്കൂളുകൾ മുതലായ സ്ഥാപനങ്ങൾ നിർമ്മിച്ച് സഹായിക്കാൻ, അപേക്ഷകൾ കിട്ടിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷകളിൽ എന്തു നടപടികൾ നടത്തിയെന്ന് പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. C. KESAVAN (*Minister for Local Self Govt.*) : (എ) അപേക്ഷകൾ കിട്ടിയിട്ടുണ്ട്. അതനുസരിച്ച് സഹായിക്കുന്നതാണ് ഗവണ്മെൻറിന്റെ നയം.

(ബി) അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

പുലയകുടുംബങ്ങൾ.

75. MR. T. T. KESAVAN SASTRI : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

കുന്നത്തുനാട് താലൂക്കിൽ ചേന്ന അമ്പുവാ പകുതിയിലെ സ്ഥിരതാമസക്കാരായ പുലയകുടുംബങ്ങളുടെ ആകെ എണ്ണം എത്രയെന്നും, അതിൽ പാക്കാൻ സ്വന്തം ഭൂമിയുള്ളവരുടെ എണ്ണം എത്രയെന്നും, അന്യരുടെ സ്ഥലങ്ങളിലെ കുടികിടപ്പുകാരുടെ എണ്ണം എത്രയെന്നും പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. C. KESAVAN : ഇതൊരു അസാദ്ധ്യമായ കണക്കാണ്. ഇത്തരം കണക്കെടുക്കുന്നത് പ്രായോഗികമായിരിക്കുകയില്ല. തിരുവിതാംകൂർ ഒട്ടാകെയുള്ള ഒരു സെൻസസ് എടുക്കാമെന്നല്ലാതെ ഓരോ താലൂക്കിലേയും പകുതിയിലേയും പുലയ്കുടുംബങ്ങളുടെ കണക്ക് എടുക്കുക എന്നുള്ളത് തൽക്കാലം പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly